**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1818** | **04-02-2026 - ൽ മറുപടിയ്ക്ക്**

**നീറ്റ്, കീം, പ്രവേശന പരീക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നീറ്റ്, കീം പ്രവേശന പരീക്ഷകളിലെ നോർമലൈസേഷൻ പ്രക്രിയ കാരണം പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ പിന്തള്ളപ്പെടുന്ന അവസ്ഥ പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ സി.ബി.എസ്.ഇ. സിലബസിൽ പഠിച്ചവർ കോടതി വിധിയാൽ മറികടന്ന സാഹചര്യത്തിൽ വരും വർഷങ്ങളിൽ ഇത് മറികടക്കാൻ എന്തെല്ലാം ബദൽ സംവിധാനങ്ങളാണ് ആവിഷ്കരിക്കുന്നത്; വ്യക്തമാക്കാമോ ? | (എ) | കീം പ്രവേശന പരീക്ഷകളിലെ Normalization പ്രക്രിയയ്ക്കായി പുതിയ ഫോർമുല സർക്കാർ അംഗീകരിച്ച് കീം 2026 prospectus ൽ ഉൾപ്പെടുത്തി 01.01.2026 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ സ ഉ (കൈ) നം. 3/2026/ഉവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ നിർദ്ദേശം കൂടി ഉൾപ്പെടുത്തി പ്രോസ്പെക്ടസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>2024 മുതൽ എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷകൾ കമ്പ്യൂട്ടർ അധിഷ്ഠിതമായി നടത്തുന്നതിനാൽ പല ദിവസങ്ങളിലായി വിവിധ സെഷനുകളായി നടത്തേണ്ടതായി വരുന്നു. ഓരോ സെഷനും വ്യത്യസ്ത ചോദ്യ പേപ്പർ ഉപയോഗിക്കുന്നത് കൊണ്ട് ചോദ്യങ്ങളുടെ ഘടനയിൽ ചെറിയ വ്യത്യാസങ്ങൾ ഉണ്ടാകാം. ഈ വ്യത്യാസങ്ങൾ മൂലം വിദ്യാർഥികൾക്ക് അന്യായമായ നേട്ടമോ നഷ്ടമോ ഉണ്ടാകാതിരിക്കാനാണ് normalization ചെയ്യുന്നത്. നീറ്റ് പരീക്ഷയുടെ നടത്തിപ്പിന്റെ ചുമതല NTA -യ്ക്കാണ്. |

സെക്ഷൻ ഓഫീസർ